

THURSDAY 30/01/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Suresh A R Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/01/2025

1. എറണാകുളം ജില്ലാ പഞ്ചായത്ത് കൃഷി വകുപ്പിന്റെ സഹകരണത്തോടെ 'ഒക്കൽ ഫാം ഫെസ്റ്റ്' 2025 ജനുവരി 30, 31 ഫെബ്രുവരി 1, 2 തീയതികളിൽ സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ഘാടനം ഇന്ന് (30.01.2025 ) 3 മണിക്ക് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു. സമാപന സമ്മേളനം വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് ഫെബ്രുവരി 2 ന് നിർവഹിക്കും. വിവിധ കാർഷിക വിഷയങ്ങളെ കുറിച്ചുള്ള സെമിനാറുകളും കാർഷിക സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിളംബരറാലി, കാർഷിക പ്രദർശനവും വിപണനവും, സെമിനാറുകൾ, ഡോക്യുമെന്ററി പ്രദർശനം. കലാപരിപാടികൾ, മഡ് ഫുട്ബോൾ, റെയിൻബോ ഡാൻസ്, ട്രഷർഹണ്ട്, ഭക്ഷ്യമേള എന്നീ വിവിധ ആകർഷക വിഭവങ്ങൾ മേളയുടെ ഭാഗമായി ഒരുക്കിയിരിക്കുന്നു.

2. കൃഷി വകുപ്പിൻ്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ജനകീയ പദ്ധതിയുടെ രണ്ടാംഘട്ടമായി കൃഷിക്കൂട്ടങ്ങളെ ശാക്തീകരിച്ചു കൊണ്ട് കർഷക ഉല്പാദക സംഘങ്ങളുടെ നേതൃത്വത്തിൽ സമഗ്ര കാർഷിക വികസനവും ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതിയാണ് കൃഷിസമൃദ്ധി. വിവിധ കാർഷിക പാരിസ്ഥിതിക മേഖലകൾക്കും യൂണിറ്റുകൾക്കും ഊന്നൽ കൊടുത്തുകൊണ്ട് കൃഷി വകുപ്പിൻ്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും വിഭവ സംയോജനത്തിലൂടെ കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ സമഗ്ര കർമ്മ പദ്ധതി പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുന്നത്. ഞങ്ങളും കൃഷിയിലേക്ക് എന്നതിന്റെ തുടർച്ചയായി നടത്തുന്ന ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 01/02/2025 ശനിയാഴ്ച വൈകുന്നേരം 3.30 ന് തൃത്താല വി.കെ കടവ് ലുസൈൽ പാലസിനു സമീപം ബഹു: തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി

ശ്രീ.എം.ബി രാജേഷ് അവർകളുടെ അധ്യക്ഷതയിൽ ബഹു: കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ.പി. പ്രസാദ് അവർകൾ നിർവഹിക്കുന്നു. ജില്ലയിലെ എം.പി മാർ, എം.എൽ.എ മാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്നു.

3. കേന്ദ്ര കൃഷി മന്ത്രാലയത്തിൻ്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡിന്റെ ഒരു ബാച്ച് തെങ്ങുകയറ്റ പരിശീലനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയ്നിംഗ് സെന്ററിൽ വച്ച് 2025 ഫെബ്രുവരി 17 മുതൽ 22 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നു. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ നിന്നുള്ളവർക്ക് പരിശീലനത്തിന് പങ്കെടുക്കാം. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2025 ഫെബ്രുവരി 7-ന് തിരുവനന്തപുരം, വെള്ളായണി, ആർ.ടി.ടി സെൻ്ററിൽ 10 am-നും 5 pm നും ഇടയ്ക്ക് നടക്കുന്ന Walk in interview-ൽ പങ്കെടുക്കേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൌജന്യമായി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2481763, 9383470314`

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവകലാശാല കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വച്ച് ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപ്പണികൾ, സർവീസ്, എന്നിവയിൽ അഞ്ചുദിവസം നീണ്ടുനിൽക്കുന്ന സൗജന്യ ട്രെയിനിങ് സംഘടിപ്പിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ജനുവരി 31 നകം ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ നമ്പർ:9446370726.

5. റബ്ബർതോട്ടങ്ങളിലെ തേനീച്ചവളർത്തൽ, തേൻവിളവെടുപ്പ് എന്നിവയെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് തേനീച്ചവളർത്തലി

ൽ ഏർപ്പെട്ടിരിക്കുന്ന കർഷകനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തിവരുന്ന തേനീച്ചവളർത്തൽ കോഴ്സിൽ പരിശീലകനായ 2025 ഇന്ന് രാവിലെ (ജനുവരി 30) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481—2576622**

6. റബ്ബർബോർഡിന്റെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഗ്രാജുവേറ്റ് ട്രെയിനിയെയും ഫാക്കൽറ്റി ട്രെയിനിയെയും താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അഭിമുഖം (വാക്ക് ഇൻ ഇന്റർവ്യൂ) ഫെബ്രുവരി 06-ന് നടത്തുന്നു. 'ഗ്രാജുവേറ്റ് ട്രെയിനി' തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ കെമിസ്ട്രിയിൽ ബിരുദമോ പോളിമർ സയൻസ്/പോളിമർ ടെക്നോളജിയിൽ ഡിപ്ലോമയോ ഉള്ളവരായിരിക്കണം. 'ഫാക്കൽറ്റി ട്രെയിനി' എന്ന തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ പോളിമർ ടെക്നോളജിയിലോ റബ്ബർ ടെക്നോളജിയിലോ ബി.ടെക്/എം.ടെക് ബിരുദം ഉള്ളവരായിരിക്കണം. 2025 ജനുവരി 01-ന് പ്രായം 30 വയസ്സ് കവിയരുത്. ബന്ധപ്പെട്ട മേഖലയിൽ ഒരു വർഷത്തെ പരിചയം ആവശ്യമാണ്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്, ഡയറക്ടർ മുമ്പാകെ 2025 ഫെബ്രുവരി 06-ന് രാവിലെ 10 മണിക്ക് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക. ഫോൺ : 0481 2353326, 2353327.